"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്-തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം-പറവട്ടാനി സ്റ്റോറിൽ സൂക്ഷിച്ചിരുന്ന ചെമ്പ്കമ്പിയുടെ അളവിൽ കുറവ് - അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1168/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/06/2021

---

പരാമർശം:- 1 തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ ശ്രീ.എ. പ്രസാദിന്റെ 01.06.2020 ലെ പരാതി.

2 ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ 24.06.2020 ലെ CPSP-2-13425/2020/DVACB നമ്പർ കത്ത്.

<u>ഉത്തരവ്</u>

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിലെ പറവട്ടാനി സ്റ്റോറിൽ സൂക്ഷിച്ചിരുന്ന ചെമ്പ്കമ്പിയുടെ അളവിൽ കുറവ് വന്നത് സംബന്ധിച്ച് തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ ശ്രീ. പ്രസാദിന്റെ പരാമർശം(1) പ്രകാരമുള്ള പരാതി പരാമർശം (2) പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ അടിയന്തര പരിഗണനയ്ക്കായി ലഭ്യമാക്കിയിരുന്നു.തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിലെ പറവട്ടാനി സ്റ്റോറിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക സ്റ്റോക്ക് വേരിഫിക്കേഷൻ നടത്തിയതിൽ സ്റ്റോറിൽ സൂക്ഷിച്ചിരുന്ന ചെമ്പ് കമ്പിയുടെ അളവിൽ സ്റ്റോർ രജിസ്റ്റർ പ്രകാരമുള്ള അളവിൽ നിന്നും ഗണ്യമായി കുറവുള്ളതായി കണ്ടെത്തിയിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിലെ പറവട്ടാനി സ്റ്റോറിൽ സൂക്ഷിച്ചിരുന്ന ചെമ്പ്കമ്പിയുടെ അളവിൽ കുറവ് വന്നത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എറണാകുളം റീജിയണൽ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

പകർപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),തൃശ്ശൂർ
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
മേയർ, തൃശ്ശൂർ കോർപ്പറേഷൻ ( കോർപ്പേറേഷൻ സെക്രട്ടറി മുഖേന)
റീജിയണൽ ജോയിന്റ് ഡയറക്ടർ, എറണാകുളം .
കോർപ്പേറേഷൻ സെക്രട്ടറി,തൃശ്ശൂർ കോർപ്പറേഷൻ.
അസിസ്റ്റന്റ് സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ